**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 886** **31-01-2024 - ൽ മറുപടിയ്ക്ക്**

**വെർച്ചൽ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിൽ വെർചൽ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | അഭ്യസ്തവിദ്യരായ പട്ടികജാതി/പട്ടികവർഗ്ഗ/പിന്നാക്ക വിഭാഗ വിദ്യാർത്ഥികളെ വിവിധ മത്സരപരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിനും നൈപുണ്യ പരിശീലനം നൽകുന്നതിനും മറ്റുമായി എല്ലാ നിയമസഭാ മണ്ഡലങ്ങളിലും വെർച്ച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ തുടങ്ങുന്നതിനുള്ള നടപടികളാരംഭിച്ചിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം ജില്ലയിൽ മണ്ണന്തലയിലുള്ള അംബേദ്ക്കർ ഭവനിൽ മെയിൻ സ്റ്റുഡിയോ സ്ഥാപിക്കുന്നതിനായി സർക്കാരിന്റെ കീഴിലുള്ള ICFOS നടപടികൾ തുടങ്ങിയിട്ടുണ്ട് പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതോടെ മണ്ഡലങ്ങളിൽ വെർച്ച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കും. ഓരോ മണ്ഡലത്തിലും ആദ്യഘട്ടം ഒരു സെന്റർ സ്ഥാപിക്കുന്നതിന് സ്ഥലം കണ്ടെത്താൻ സഹായിക്കണമെന്ന് ആവശ്യപ്പെട്ട് MLAമാർക്ക് കത്ത് നൽകിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് എത്ര നിയമസഭ മണ്ഡലങ്ങളിൽ ഈ സർക്കാരിന്റെ കാലത്ത് വെർചൽ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) | അഭ്യസ്തവിദ്യരായ പട്ടികജാതി/പട്ടികവർഗ്ഗ/പിന്നാക്ക വിഭാഗ വിദ്യാർത്ഥികളെ വിവിധ മത്സരപരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിനും നൈപുണ്യ പരിശീലനം നൽകുന്നതിനും മറ്റുമായി എല്ലാ നിയമസഭാ മണ്ഡലങ്ങളിലും വെർച്ച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ തുടങ്ങുന്നതിനുള്ള നടപടികളാരംഭിച്ചിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം ജില്ലയിൽ മണ്ണന്തലയിലുള്ള അംബേദ്ക്കർ ഭവനിൽ മെയിൻ സ്റ്റുഡിയോ സ്ഥാപിക്കുന്നതിനായി സർക്കാരിന്റെ കീഴിലുള്ള ICFOS നടപടികൾ തുടങ്ങിയിട്ടുണ്ട് പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതോടെ മണ്ഡലങ്ങളിൽ വെർച്ച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കും. ഓരോ മണ്ഡലത്തിലും ആദ്യഘട്ടം ഒരു സെന്റർ സ്ഥാപിക്കുന്നതിന് സ്ഥലം കണ്ടെത്താൻ |

| | | | |
|---|---|---|---|
| | | | സഹായിക്കണമെന്ന് ആവശ്യപ്പെട്ട് MLAമാർക്ക് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ